യാത്രാക്കുലി

327 (333) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ഓർഡിനറി, ഫാസ്റ്റ്, സൂപ്പർ ഫാസ്റ്റ്, എക്സ്പ്രസ്സ്, ഡീലക്സ് ബസുകളിലെ മിനിമം യാത്രാനിരക്കും പോയിന്റനുസരിച്ച് കൂട്ടുന്ന തുകയും വിശദമാക്കാമോ;

(ബി) ഇപ്പോഴത്തെ ഈ ചാർജ്ജ് നിലവിൽ വന്നത് എന്നുമുതൽ എന്നും അന്ന് ഡീസൽ വില ലിറ്ററിന് എത്ര രൂപയായിരുന്നു എന്നും വ്യക്തമാക്കാമോ;

(സി) നിരക്ക് നടപ്പിലാക്കുമ്പോഴത്തേയും ഇപ്പോഴത്തേയും ഡീസൽ വിലയിലുള്ള വ്യത്യാസം എത്രയെന്ന് വ്യക്തമാക്കാമോ; ഡീസൽ വില കുറയുന്നതിനനുസരിച്ച് ആനുപാതികമായി യാത്രാക്കുലിയിൽ കുറവ് വരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(ഡി) ഇന്ധന വിലക്കുറവിന് അനുസരിച്ച് യാത്രക്കുലിയിൽ കുറവുവരുത്താൻ എന്തെങ്കിലും നീക്കം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിന് എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) കേരളത്തിലെ ഓർഡിനറി, ഫാസ്റ്റ് പാസഞ്ചർ, സൂപ്പർ ഫാസ്റ്റ്, എക്സ്പ്രസ്, ഡീലക്സ് ബസ്സുകളിലെ മിനിമം യാത്രാനിരക്കുകൾ ചുവടെ ചേർക്കുന്നു:

1.	ഓർഡിനറി	-	7 രൂപ
2.	ഫാസ്റ്റ് പാസഞ്ചർ	-	10 രൂപ
3.	സൂപ്പർ ഫാസ്റ്റ്	-	13 രൂപ
4.	സൂപ്പർ എക്സ്പ്രസ്	-	20 രൂപ
5.	സൂപ്പർ ഡീലക്സ്	-	28 രൂപ

ഓർഡിനറി സർവ്വീസുകൾക്ക് ആദ്യത്തെ 2 ഫെയർ സ്റ്റേജായ 5 കി.മീ.ദൂരത്തേക്ക് മിനിമം നിരക്കിൽ യാത്ര ചെയ്യാവുന്ന തരത്തിലും, അത് കഴിഞ്ഞിട്ടുള്ള ഓരോ പോയിന്റിലേക്കും (2.5 കി.മീ.) മിനിമം നിരക്കിനോടൊപ്പം കിലോമീറ്റർ നിരക്ക് കൂടി ഈടാക്കുന്ന തരത്തിലും, ഫാസ്റ്റ് പാസഞ്ചർ സർവ്വീസുകൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

ആദ്യത്തെ 5 കി.മീ. ദൂരത്തേക്കും, സൂപ്പർ ഫാസ്റ്റ്, സൂപ്പർ എക്സ്പ്രസ് സർവ്വീസുകൾക്ക് ആദ്യത്തെ 10 കി.മീ. ദൂരത്തേക്കും സൂപ്പർ ഡീലക്സ് സർവ്വീസിന് ആദ്യത്തെ 15 കി.മീ. ദൂരത്തേക്കും മിനിമം നിരക്കിൽ യാത്ര ചെയ്യാവുന്ന തരത്തിലും, മിനിമം കഴിഞ്ഞുള്ള ദൂരത്തേക്ക് ടി സർവ്വീസുകൾക്ക് നിശ്ചയിച്ചിട്ടുള്ള കിലോമീറ്റർ നിരക്ക് അനുസരിച്ചുമാണ് ടിക്കറ്റ് നിരക്ക് നിശ്ചയിച്ചിട്ടുള്ളത്. ഇപ്രകാരം മിനിമം ചാർജിനോടൊപ്പം കിലോമീറ്റർ ചാർജ്ജും കൂടി ചേർക്കുമ്പോൾ കിട്ടുന്ന സംഖ്യയിൽ പൈസ രൂപയായി റൗണ്ട് ചെയ്യുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) 20-5-2014 മുതൽ. അന്ന് ഡീസൽ വില ലിറ്ററിന് 60.88 രൂപയായിരുന്നു.

(സി) 20-5-2014-ൽ ഉണ്ടായിരുന്ന ഡീസൽ വിലയേക്കാൾ 6.65 പൈസ ഇപ്പോൾ ഒരു ലിറ്റർ ഡീസലിന് കുറവ് വന്നിട്ടുണ്ട്. എന്നാൽ ഈ കാലയളവിൽ ജീവനക്കാരുടെ ശമ്പളം, ടയർ, സ്പെയർ പാർട്സ്, മറ്റ് അനുബന്ധ സാമഗ്രികളുടെ വില വർദ്ധനവുണ്ടാകുകയും, പ്ലസ് ടു തലംവരെയുള്ള വിദ്യാർത്ഥികൾക്ക് കെ.എസ്. ആർ.ടി.സി. ബസ്സുകളിൽ പൂർണ്ണമായും സൗജന്യ യാത്ര അനുവദിക്കുകയും ചെയ്തിട്ടുണ്ട്. അതിനാൽ ഡീസൽ വില കുറയുന്നതിനനുസരിച്ച് ആനുപാതികമായി യാത്രാക്കൂലിയിൽ കുറവ് വരുത്താൻ കഴിയുന്ന സാഹചര്യമല്ല നിലവിലുള്ളത്.

(ഡി) യാത്രാക്കൂലിയിൽ കുറവ് വരുത്തുന്നത് സംബന്ധിച്ച് ജസ്റ്റിസ് രാമചന്ദ്രൻ കമ്മീഷന്റെ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചു വരികയാണ്.

റോഡപകടങ്ങൾ

328 (334) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നതെന്ന് വിശദമാക്കുമോ ;

(ബി) 2011-12, 2012-13, 2013-14, 2014-15 എന്നീ വർഷങ്ങളിൽ സംസ്ഥാനത്തുണ്ടായ റോഡപകടങ്ങളിൽ എത്രപേർ മരണപ്പെട്ടിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) റോഡ് സുരക്ഷാ സന്ദേശം ഉൾപ്പെടുന്ന വിവിധ ബോധവത്ക്കരണ പരിപാടികൾ നടത്തിയും കർശന വാഹന പരിശോധന നടത്തിയും സംസ്ഥാനത്ത് റോഡപകടങ്ങൾ ഇല്ലാതാക്കുന്നതിനായി എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly